(സി) പ്രസ്തുത ഉത്തരവ് ബോർഡുകൾക്കും, കോർപ്പറേഷനുകൾക്കും ബാധകമാണോ; എങ്കിൽ ഇപ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കാത്ത ബോർഡുകളും കോർപ്പറേഷനുകളും ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകിയിട്ടില്ല. എന്നാൽ 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ താൽക്കാലിക സർവ്വീസിലുണ്ടായിരുന്നവരും 179 ദിവസം പൂർത്തിയാക്കിയവരുമായ വികലാംഗർക്ക് സ്ഥിരം നിയമനം നൽകുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

കിൻഫ്രയുടെ പുതിയ വ്യവസായ പാർക്കുകൾ

57 [2184] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ എത്ര വ്യവസായ പാർക്കുകളുടെ പണികൾ ഇപ്പോൾ നടന്നുവരുന്നു;

(ബി) എന്തെല്ലാം വ്യവസായങ്ങൾക്കുള്ള പാർക്കുകളുടെ പണിയാണ് നടന്നുവരുന്നത്;

(സി) ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാകുമെന്നും ഇവയിൽ എത്ര യൂണിറ്റുകൾ വീതം സ്ഥാപിക്കാനുള്ള സൗകര്യമുണ്ടെന്നും അറിയിക്കാമോ;

(ഡി) ഇവിടെ യൂണിറ്റുകൾ ആരംഭിക്കാൻ എത്ര സ്ഥാപനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) കിൻഫ്രയുടെ കീഴിൽ ഇപ്പോൾ പണി നടന്നുവരുന്ന വ്യവസായ പാർക്കുകൾ, അവിടെ ആരംഭിക്കാവുന്ന വ്യവസായങ്ങൾ, പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി മുതലായ വിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്. †

കിൻഫ്രയുടെ പാർക്കുകളിൽ കുറഞ്ഞത് 10 സെന്റ് സ്ഥലം മുതൽ വ്യവസായ സംരംഭകർക്ക് വ്യവസായം തുടങ്ങാൻ നൽകുന്നുണ്ട്.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ വ്യവസായിയും എടുക്കുന്ന ഭൂമിയുടെ വിസ്തൃതി വ്യത്യസ്തമായതിനാൽ ഒരു പാർക്കിൽ എത്ര യൂണിറ്റുകൾ സ്ഥാപിക്കാൻ കഴിയുമെന്ന് മുൻകൂട്ടി പറയുവാൻ കഴിയില്ല.

(ഡി) അനുബന്ധം I-ൽ പറഞ്ഞിട്ടുള്ള പാർക്കുകളിൽ വ്യവസായം ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെയും ആരംഭിക്കുവാൻ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളവരുടെയും വിവരം അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്. †

കിൻഫ്ര പാർക്കിൽനിന്ന് ലഭിക്കുന്ന വാടക

58 [2185] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ തമ്പാനൂർ രവി:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്ര പാർക്കുകളിൽനിന്നും ഇപ്പോൾ പ്രതിമാസം ആകെ പിരിഞ്ഞു കിട്ടുന്ന വാടക എത്രയാണ്;

(ബി) എത്ര വ്യവസായ പാർക്കുകളിൽ നിന്നാണ് ഇത്രയും തുക പിരിഞ്ഞു കിട്ടുന്നത്;

(സി) ഈ പാർക്കുകൾക്കുവേണ്ടി കിൻഫ്രയുടെ മുടക്കുമുതൽ എത്രയാണ്;

(ഡി) ഈ പാർക്കുകളുടെ നടത്തിപ്പിനു വേണ്ടി ജീവനക്കാരുടെ വേതനം ഉൾപ്പെടെ എന്തു തുക പ്രതിമാസച്ചെലവ് വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ബി) കിൻഫ്രയുടെ പാർക്കുകളിൽ വ്യവസായ ആവശ്യത്തിന് നിർമ്മിച്ചിട്ടുള്ള കെട്ടിടം മാത്രമാണ് വാടകയ്ക്ക് നൽകുന്നത്. വ്യവസായ ആവശ്യത്തിനുള്ള സ്ഥലം 90 വർഷത്തെ ദീർഘകാല പാട്ടത്തിനാണ് നൽകുന്നത്. പാട്ടത്തിന് നൽകുമ്പോൾ, പാട്ടം എടുക്കുന്നവരിൽ നിന്നും ഇതിന്റെ മുഴുവൻ ലീസ് പ്രീമിയം തുകയും രണ്ട് വർഷം കൊണ്ട് ഈടാക്കുകയാണ് ചെയ്യുന്നത്. മുഴുവൻ തുകയും ഈടാക്കിയ ശേഷം മാത്രമേ പാട്ടം രജിസ്റ്റർ ചെയ്യുകയുള്ളൂ.

ഇപ്പോൾ കിൻഫ്രയുടെ കീഴിൽ കെട്ടിടം വാടകയ്ക്ക് നൽകിയിരിക്കുന്നത് തിരുവനന്തപുരത്തെ അപ്പാരൽ പാർക്കിലുള്ള മൂന്ന് സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറിയും, കാക്കാഞ്ചേരിയിലുള്ള ഐ.ടി. ആന്റ് ഇലക്ട്രോണിക്സ് ബിൽഡിംഗും മാത്രമാണ്. ഈ ഇനത്തിൽ ടി രണ്ട് പാർക്കുകളിൽനിന്നും പ്രതിമാസം 1,33,807 രൂപ വാടകയായിട്ട് പിരിഞ്ഞു കിട്ടുന്നുണ്ട്.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly